# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5229     27-07-2015 -ൽ മറുപടി നൽകേണ്ടിയിരുന്നത്

## പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികളുടെ നടത്തിപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.അജിത്** | | **ശ്രീ.അടൂർ പ്രകാശ് (മുൻ റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളിൽ ഉണ്ടായ സ്തംഭനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ; | എ) | തിരുവനന്തപുരം, പത്തനംതിട്ട, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളിൽ സ്തംഭനം ഉണ്ടായിട്ടില്ല. എന്നാൽ 13-ാം ധനകാര്യ കമ്മീഷന്റെ കാലാവധി 31/03/2015-ൽ അവസാനിച്ച സാഹചര്യത്തിൽ 31/03/2015-ന് മുൻപ് ഭരണാനുമതിയും നിർവ്വഹണാനുമതിയും ലഭിക്കുകയും എന്നാൽ പ്രവൃത്തി ആരംഭിക്കാത്തതുമായ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള മരാമത്ത് പ്രവൃത്തികൾ തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ഇപ്രകാരം നിബന്ധനകളിലുൾപ്പെട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| ബി) | പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച പുതിയ നോംസ് പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | ബി) | ഉണ്ട്. 20.05.2015-ലെ ജി.ഒ.(എം.എസ്) നം.194/2015/ഡി.എം.ഡി., 23.07.2015-ലെ സ.ഉ.(എം.എസ്) നം.343/2015/ഡി.എം.ഡി. എന്നിവ പ്രകാരം പുതിയ മാനദണ്ഡങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| സി) | പ്രസ്തുത ദുരിതാശ്വാസപദ്ധതികളിൽ പ്പെടുത്തിയിട്ടുള്ള ജോലികളുടെ അനിശ്ചിതാവസ്ഥ നീക്കാൻ നടപടി സ്വീകരിക്കുമോ? | സി) | അനിശ്ചിതാവസ്ഥ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ